# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 344** **3-2-2020 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ മൂവാറ്റുപുഴയിലെ സിറ്റിംഗ്**

**ചോദ്യം** **മറുപടി**

**ശ്രീ.എൽദോ എബ്രഹാം :** **ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| **എ)** | ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ മൂവാറ്റുപുഴയിലെ സിറ്റിംഗ് നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | **(എ) & (ബി)** | ഉണ്ട്. എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ മെമ്പർമാരുടെ സേവന കാലാവധി കഴിഞ്ഞ് പുതിയ നിയമനം നടത്താൻ വൈകിയതിനാലും, പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും, കേസുകൾ കുറവായതിനാലുമാണ് മൂവാറ്റുപുഴയിൽ ക്യാമ്പ് സിറ്റിംഗ് തുടർന്ന് നടത്താതിരുന്നത്. മെമ്പർമാരുടെ നിയമനം നടത്തിയതിനാൽ ക്യാമ്പ് സിറ്റിംഗ് ഉടൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** | സിറ്റിംഗ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്നും സിറ്റിംഗ് പുനരാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ